# ആദ്യ ബിംസ്റ്റെക് ബിസിനസ് ഉച്ചകോടി (ആഗസ്റ്റ് 06-08, 2024)

ഓഗസ്റ്റ് 05, 2024

വിദേശകാര്യ മന്ത്രാലയവും കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസുമായി (സിഐഐ) ചേർന്നു നടത്തുന്ന ഒന്നാം ബിംസ്റ്റെക് ബിസിനസ് ഉച്ചകോടി ഓഗസ്റ്റ് 06-08 തീയതികളിൽ ന്യൂ ഡൽഹിയിൽ സംഘടിപ്പിക്കും.

2. ഉച്ചകോടിയിലൂടെ ലക്ഷ്യമിടുന്നത് ബംഗാൾ ഉൾക്കടലിൻറെ വിവിധ മേഖലകളിലെ സാങ്കേതിക, സാമ്പത്തിക സഹകരണത്തിനായുള്ള ബിംസ്റ്റെക് രാജ്യങ്ങളുടെ സഹകരണം. അതുവഴി ശക്തമായ വ്യാപാര, നിക്ഷേപ ബന്ധങ്ങളിലൂടെ കൂടുതൽ പ്രാദേശിക സഹകരണം വളർത്തിയെടുക്കാനുള്ള ശ്രമങ്ങളും അജണ്ടയിലുൾപ്പെടുന്നു.

3. വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കർ ഉച്ചകോടിയുടെ ഉദ്ഘാടനം നിർവഹിക്കും. വാണിജ്യ-വ്യവസായ മന്ത്രി ശ്രീ പിയൂഷ് ഗോയലും മറ്റ് നേതാക്കളും മുഖ്യ പ്രഭാഷണങ്ങൾ നടത്തും. വ്യാപാരം, വാണിജ്യം, വ്യവസായം, ഊർജം എന്നീ മേഖലകളിൽ നിന്നുള്ള ബിംസ്റ്റെക് രാജ്യങ്ങളിലെ നിരവധി മന്ത്രിമാർ, ഉന്നത സർക്കാർ ഉദ്യോഗസ്ഥർ, നയരൂപകർത്താക്കൾ, സംരംഭകർ, വ്യവസായ സംഘടനകൾ, എന്നിവർ ചടങ്ങിൽ പങ്കെടുക്കും.

4. ബംഗാൾ ഉൾക്കടൽ മേഖലയിലുടനീളമുള്ള മുന്നൂറിലധികം പ്രധാന ഓഹരി ഉടമകളെ പരിപാടിയിൽ ഒരുമിച്ച് കൊണ്ടുവരും. സാമ്പത്തിക സഹകരണം സുഗമമാക്കുന്നതിനു പുറമെ വ്യാപാര സുഗമമാക്കാനും, പ്രാദേശിക കണക്റ്റിവിറ്റി, ഊർജ സുരക്ഷ, സമഗ്രമായ വളർച്ച, സുസ്ഥിര വികസനം തുടങ്ങിയ കേന്ദ്രീകൃത മേഖലകളിൽ മുന്നോട്ടുള്ള വഴികൾ പര്യവേക്ഷണം ചെയ്യുന്നതിനും ഇത് പ്രയോജനപെടുത്തും.

5. ദക്ഷിണേഷ്യയിൽ നിന്നുള്ള (ബംഗ്ലാദേശ്, ഭൂട്ടാൻ, നേപ്പാൾ, ഇന്ത്യ, ശ്രീലങ്ക) അഞ്ച് രാജ്യങ്ങളെയും തെക്ക്-കിഴക്കൻ ഏഷ്യയിൽ നിന്നുള്ള രണ്ട് രാജ്യങ്ങളെയും (മ്യാൻമർ & തായ്‌ലൻഡ്) ബന്ധിപ്പിക്കുന്ന ബഹുമേഖലാ സാങ്കേതിക, സാമ്പത്തിക

സഹകരണത്തിനുള്ള ബംഗാൾ ഉൾക്കടലിന് (BIMSTEC) ഇന്ത്യ വലിയ പ്രാധാന്യം നൽകുന്നു.

**ന്യൂഡൽഹി**

**ഓഗസ്റ്റ് 05, 2024**